DISPATCHED
15/06/2020

28/02/2020

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 419*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 4288/*എസ്.ഐ.സി–ജി 6/2019*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീമതി പാർവ്വതി എം,**
**ചിറയിൽ പുത്തൻ വീട്,**
**കോവൂർ, ഇമിനല്ലൂർ പി.ഒ – 690 538.** } **അപ്പീൽ ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **കെ.എസ്.എം.ഡി.ബി. കോളേജ്,**
   **ശാസ്താംകോട്ട, കൊല്ലം – 690 521.**

2. **അപ്പീൽ അധികാരി,**
   **കെ.എസ്.എം.ഡി.ബി. കോളേജ്,**
   **ശാസ്താംകോട്ട, കൊല്ലം – 690 521.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30.04.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.12.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 13.03.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16.03.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 04.02.2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആസ്ഥാനം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി പാർവ്വതി എം, 13.03.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമായില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരി 15.11.2014 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു:

i. A copy of the merit/select list from which she was engaged as Guest Lecturer in the Department of English from 12.07.2016 to 23.01.2017.

ii. Date on which her wage bill was submitted to the office of the Deputy Director of Collegiate Education, Kollam.

iii. Present status of the wage bil- whether at D.D. office or College office.

iv. Details of objections raised by D.D office and replies given by this office.

3. എതിർകക്ഷി 30.04.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് 30.04.2019 ൽ മറുപടി നൽകിയിട്ടുണ്ടെന്നും കാലതാമസം ഉണ്ടായത് മാപ്പക്കണം എന്നുമറ്റുമാണ്.

5. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 24.08.2019, 18.01.2020 എന്നീ തീയതികളിൽ ഹിയറിംഗ് പോസ്റ്റു ചെയ്തിരുന്നുവെങ്കിലും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായില്ല. തുടർന്ന് 04.02.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരി ഹാജരാകാൻ കഴിയില്ലായെന്ന് കാണിച്ച് കത്ത് നൽകിയിരുന്നു.

6. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്കും അപ്പീലിനും സമയബന്ധിതമായി എതിർകക്ഷികൾ മറുപടി നൽകിയതായി കമ്മീഷൻ കാണുന്നില്ല.

ആയത് വിവരാവകാശ നിയമം വകുപ്പ് 20(1) ന്റെ ലംഘനമാണ്. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്നു എതിർകക്ഷികൾക്ക് കമ്മീഷൻ താക്കീത് നൽകുന്നു. 22.08.2019 ലെ കത്ത് പ്രകാരം അപ്പീൽ ഹർജിക്കാരിയും പരാതി ഇല്ലായെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ ആവശമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 28–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN